# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.415 14.11.2019 ൽ മറുപടിക്ക്**

## റസ്റ്റ്ഹൗസുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ.കെ.ഡി. പ്രസേനൻ | ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റസ്റ്റ്ഹൗസുകളുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; അവ പ്രതീക്ഷിത നിലവാരത്തിൽ പ്രവർത്തിക്കുന്നില്ലെന്ന പരാതി പരിഹരിക്കാൻ നടപടിയെടുക്കുമോ; | (എ) സംസ്ഥാനത്തെ റസ്റ്റ്ഹൗസുകളുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ട്. നിലവിൽ റസ്റ്റ് ഹൗസുകൾ പ്രതീക്ഷിത നിലവാരത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് വിജിലൻസ് വിഭാഗവും ധനകാര്യ പരിശോധനാ വിഭാഗവും റസ്റ്റ്ഹൗസുകളിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തിയതിന് നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. റസ്റ്റ് ഹൗസുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഉന്നത നിലവാരത്തിലാക്കാൻ തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ എടുത്തുവരികയുമാണ്. ഉദാ:-റസ്റ്റ് ഹൗസുകളെ ക്ലാസ് I, ക്ലാസ്II ആയി തരം തിരിച്ചത്, ജീവനക്കാർക്ക് യൂണിഫോം ഏർപ്പെടുത്തിയത്, ക്യാന്റീൻ സൗകര്യമുള്ളടത്തെല്ലാം ആയത് ഏർപ്പെടുത്തിയത്, ചുറ്റുമതിൽ നിർമ്മാണം, അറ്റകുറ്റപ്പണികൾ യഥാസമയം നടപ്പിലാക്കൽ, ഓൺലൈൻ ബുക്കിംഗ് സംവിധാനം, റസ്റ്റ് ഹൗസുകളിൽ പുതിയ തസ്തിക സൃഷ്ടിക്കൽ, (പരിശോധനയിൽ), നവീകരണ പ്രവൃത്തികൾ, മാതൃകാ റസ്റ്റ് ഹൗസുകൾ തുടങ്ങിയവ. |
| (ബി) റസ്റ്റ്ഹൗസുകളുടെ പരിപാലന നിലവാരം ഉയർത്തുന്നതിനും പുതിയവ നിർമ്മിക്കുന്നതിനും പദ്ധതിയുണ്ടോ; | (ബി) റസ്റ്റ് ഹൗസുകളുടെ പരിപാലന നിലവാരം ഉയർത്തുന്നതിനായി ഇതിനകം തന്നെ നിരവധി പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ആധുനിക കാലഘട്ടത്തിനനുസരിച്ച് പരിഷ്കരിച്ചും ഘട്ടംഘട്ടമായി ഉയർത്തിക്കൊണ്ടു വരുന്നതിന്റെ ഭാഗമായി നവീകരണ പ്രവൃത്തിയും പുതിയ ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തികളും ഭരണാനുമതി നൽകുന്ന മുറയ്ക്ക് |

നടന്നുവരുന്നു. അതിഥി സൗഹൃദ കേന്ദ്രമാക്കി റസ്റ്റ്ഹൗസുകളെ മാറ്റാനുള്ള യജ്ഞത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 12 വിശ്രമമന്ദിരങ്ങളെ മോഡൽ റസ്റ്റ്ഹൗസുകൾ ആക്കാൻ തീരുമാനിക്കുകയും സ.ഉ(എം.എസ്)നം.333/2019/പൊ.മ.വ തീയതി 02/03/2019 പ്രകാരം 5.52 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികൾ പുരോഗതിയിലുമാണ്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞാൽ ഇവയെ മോഡൽ റസ്റ്റ്ഹൗസുകളാക്കി പ്രഖ്യാപിക്കുന്നതാണ്. 2019-20 ലെ പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി കൂടുതൽ വിശ്രമ കേന്ദ്രങ്ങളെ ഇതേനിലവാരത്തിലേക്ക് കൊണ്ടുവരുന്നതിനായുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

പൊതുജനങ്ങളുടെ സൗകര്യാർത്ഥം ഓൺലൈൻ ബുക്കിംഗ് നടപ്പിലാക്കുവാനുള്ള സർക്കാർ ഉത്തരവ് സ.ഉ(എം.എസ്)നം.25/2019/പൊ.മ.വ തീയതി 14/06/2019 പ്രകാരം നിലവിൽ വന്നു. ഇപ്രകാരം 15 റസ്റ്റ്ഹൗസുകളിൽ ഓൺലൈൻ റിസർവേഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇവയ്ക്കാവശ്യമായ സോഫ്റ്റ് വെയർ വികസനം പൂർത്തിയാക്കുകയും, ഈ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിന് വേണ്ടി റസ്റ്റ്ഹൗസ് മാനേജർക്കും, ക്ലാർക്ക്, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് ട്രെയിനിംഗും നൽകിയിട്ടുണ്ട്. കൂടാതെ റസ്റ്റ്ഹൗസ് ജീവനക്കാർക്ക് ഹോസ്പിറ്റാലിറ്റി ട്രെയിനിംഗ് നൽകുകയും അവർക്ക് യൂണിഫോമുകൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. റസ്റ്റ്ഹൗസിന് ചുറ്റുമതിൽ, ബോർവെൽ, ബ്യൂട്ടിഫിക്കേഷൻ എന്നിവ നടപ്പിലാക്കി വരുന്നു. മുറികളും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ റസ്റ്റഹൗസുകളിൽ Digital EPABX, CCTV, LED TV, Computer, Printer , 600 VA UPS എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാൻറീൻ സൗകര്യമുള്ള കേന്ദ്രങ്ങളിൽ റസ്റ്റ്ഹൗസ് കാറ്ററിംഗ് സർവ്വീസ് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

റസ്റ്റ്ഹൗസുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് വിഹിതം ലഭിക്കുന്ന മുറയ്ക്ക് പുതിയവ നിർമ്മിക്കുന്ന കാര്യം പരിശോധിക്കാൻ കഴിയുന്നതാണ്.

| | |
|---|---|
| (സി) സർക്കാരിന്റെ സമർത്ഥമായ ഇടപെടൽ കൊണ്ട് തിരിച്ചുപിടിക്കാൻ സാധ്യമായ കുറ്റാലം കൊട്ടാരത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (സി) കുറ്റാലം കൊട്ടാരവുമായി ബന്ധപ്പെട്ട 56.68 ഏക്കർ സ്ഥലത്തിന് ചുറ്റും തകർന്ന് പോയിട്ടുള്ള സംരക്ഷണ ഭിത്തിയുടെ ഭാഗങ്ങൾ പുനർനിർമ്മിക്കുകയും ചുറ്റുമതിലിനു മുകളിലായി 12 അടി ഉയരത്തിൽ കമ്പിവേലി |

| | | | |
|---|---|---|---|
| | | | പുതിയതായി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. അനധികൃതമായ നടപടികളും കൈയേറ്റങ്ങളും തടയാനായി കേരളാ പോലീസിന്റെ സ്ഥിരം സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. കെടുകാര്യസ്ഥതയിലായിരുന്ന കൊട്ടാരവും സ്വത്തുക്കളും ഇപ്പോൾ പൊതുമരാമത്ത് വകുപ്പിന്റെ പൂർണ്ണ അധീനതയിലായിട്ടുണ്ട്. കൊട്ടാരത്തിൽ സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നതിനും കൊട്ടാരത്തിലേക്കുള്ള വഴിവിളക്കുകൾ വിപുലീകരിക്കുന്നതിനും പദ്ധതിയുണ്ട്. നിലവിൽ കൊട്ടാരം മെച്ചപ്പെട്ട നിലയിലും, വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. |
| (ഡി) | മൂന്നാർ, ആലുവ ഉൾപ്പെടെ ലീസിന് നൽകിയിരുന്ന റസ്റ്റ്ഹൗസുകൾ ഏറ്റെടുക്കാനുള്ള നടപടിയുടെ പുരോഗതി അറിയിക്കാമോ? | (ഡി) | 2002-ൽ മലയാളം ഇൻഡസ്ട്രീസ് ലിമിറ്റഡിന് പാട്ട വ്യവസ്ഥയിൽ വിട്ടുനൽകിയ മൂന്നാർ റസ്റ്റ്ഹൗസും ഭൂമിയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ആർബിട്രേഷൻ അപ്പീൽ 66/2014 ലെ 11/12/2018 ലെ ഉത്തരവ് പ്രകാരം 27/12/2018 ൽ തിരികെ ഏറ്റെടുത്തിട്ടുണ്ട്. ആലുവ റസ്റ്റ്ഹൗസ് തിരികെ പിടിക്കാൻ ശ്രമം നടത്തി വരികയും റസ്റ്റ്ഹൗസിന്റെ പ്രവർത്തനം കോടതിനിർദ്ദേശപ്രകാരം പാട്ട വ്യവസ്ഥയിൽ തന്നെ തുടരുകയുമാണ്. വൈക്കം പൊതുമരാമത്ത് വകുപ്പ് റസ്റ്റ്ഹൗസ് 03/01/2003 ൽ ശ്രീ.എം.എൻ.സതീഷ് എന്ന വ്യക്തിക്ക് ലീസിന് നൽകുകയും കരാർ വ്യവസ്ഥകൾ ലംഘിച്ചതിനെ തുടർന്ന് 05/06/2007 ൽ ടി വ്യക്തിക്ക് നോട്ടീസ് നൽകുകയും 06/09/2008 ൽ ടി റസ്റ്റ്ഹൗസ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെതിരെ ടിയാൻ ഫയൽ ചെയ്ത ആർബിട്രേഷൻ കേസ് 39/2013 ന് 07/12/2015-ൽ വിധി വരികയും ആയത് പ്രകാരം പൊതുമരാമത്തിന് കരാർപ്രകാരം കുടിശ്ശിക തുകയും പലിശയും ചേർത്ത തുക നൽകുവാൻ ഉത്തരവുണ്ടാകുകയും ചെയ്തു. നിലവിൽ ടി റസ്റ്റ്ഹൗസ് കാന്റീൻ സൗകര്യത്തോടുകൂടി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കോട്ടയത്തിന്റെ നിയന്ത്രണത്തിൽ തന്നെയാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ